(ബി) 2014 വർഷത്തിൽ 206053 പേർക്കെതിരെയും 2015 മേയ് 31 വരെ 78218 പേർക്കെതിരെയും മദ്യപിച്ച വാഹനമോടിച്ചതിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 279 IPC, 185MV Act എന്നീ വകുപ്പുകൾ പ്രകാരമാണ് നിലവിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. പരമാവധി ശിക്ഷ 6 മാസംവരെ തടവോ 3000 രൂപ വരെ പിഴയോ രണ്ടും കൂടിയോ ആണ്. കേന്ദ്ര മോട്ടോർ വാഹന നിയമം 185 അനുസരിച്ചാണ് നിലവിൽ മദ്യപിച്ച് വാഹനമോടിക്കുവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നത്. ആദ്യ തവണ രണ്ടായിരം രൂപ വരെ പിഴയോ ആറുമാസം വരെ തടവോ അതോ രണ്ടും കൂടിയോ നൽകാവുന്നതാണ്. മൂന്നു വർഷത്തിനുള്ളിൽ ഇതേ കുറ്റത്തിന് രണ്ടാമതും പിടിക്കപ്പെടുകയാണെങ്കിൽ രണ്ട് വർഷം വരെ തടവോ മൂവായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകാവുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വാണിജ്യ സമുച്ചയത്തിലെ മുറികളുടെ ലേലം

335 (339) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പൂർത്തിയായിവരുന്ന വാണിജ്യ സമുച്ചയത്തിലെ എത്ര മുറികൾ ലേലം ചെയ്തു കൊടുത്തിട്ടുണ്ടെന്നും ആർക്കൊക്കെയാണ് അനുവദിച്ചതെന്നും അറിയിക്കാമോ ;

(ബി) ബാക്കി വരുന്ന മുറികളുടെ ലേല നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ ;

(സി) വാണിജ്യ സമുച്ചയത്തിലെ മുറികൾ ലേലം ചെയ്യുന്നതിനുള്ള നിബന്ധനകൾ വിശദമാക്കാമോ ?

ഉത്തരം

(എ) 2 കടമുറികൾ ലേലം ചെയ്തു നൽകിയിട്ടുണ്ട്. മുലക്കാരൻ രാജൻ (മുലക്കാരൻ ഹൗസ്, കഞ്ഞിമംഗലം) എന്ന വ്യക്തിയാണ് 2 മുറികളും ലേലം കൊണ്ടിട്ടുള്ളത്.

(ബി) നിലവിൽ ബാക്കി വരുന്ന മുറികളുടെ ലേലം ടെണ്ടർ നടപടികൾ 23-6-2015-ന് നിശ്ചയിച്ച് പരസ്യം നൽകിയിട്ടുണ്ട്.

(സി) ലേലം ടെണ്ടർ നടപടികളുടെ നിബന്ധനകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly